ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 01.10.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1) പൊതു പരീക്ഷകളെ യുവജനങ്ങളുടെ ഭാവിയുമായി ബന്ധപ്പെട്ട നിർണായക കാര്യമായി പരിഗണിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) വയോജനക്ഷേമത്തിനായി സംസ്ഥാനത്ത് വിദേശ രാജ്യങ്ങളുടെ മാതൃക സ്വീകരിച്ച് പ്രത്യേക 'കെയർ ഗിവർ' സേനയ്ക്ക് രൂപം നൽകുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

3) സമ്പൂർണ ശുചിത്വത്തിലേക്ക് സംസ്ഥാനത്തെ നയിക്കാൻ ലക്ഷ്യമിട്ടുള്ള 'നിർമലം' - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന് നാളെ തുടക്കം

4) ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് രാജ്യമെമ്പാടും നാളെ വിപുലമായ പരിപാടികൾ.

5) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

6) ഏഷ്യൻ ഗെയിംസിൽ ഇന്ന് രണ്ട് വെള്ളിയും, മൂന്ന് വെങ്കലവും സ്വന്തമാക്കി ഇന്ത്യ. ഹോക്കിയിലും, ക്രിക്കറ്റിലും ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ കടന്നു.

## യുപിഎസ് സി

പൊതു പരീക്ഷകളെ യുവജനങ്ങളുടെ ഭാവിയുമായി ബന്ധപ്പെട്ട നിർണായക കാര്യമായി പരിഗണിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ യു.പി.എസ്.സി ശതാബ്ദി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പരീക്ഷാ നടത്തിപ്പിലും പരിഷ്കരണങ്ങൾ വേണമെന്നത് നാടിൻറെ ആവശ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇതിലുണ്ടാകുന്ന കാലതാമസങ്ങൾ യുവജനങ്ങൾക്ക് വൈഷമ്യങ്ങൾ സൃഷ്ടിക്കുമെന്നും, പരീക്ഷാ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.

## വയോജനങ്ങൾ-മുഖ്യമന്ത്രി

കേരളത്തിൻറെ സാമൂഹിക-സാമ്പത്തിക വികസനത്തിലും പുരോഗതിയിലും മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്തും സേവനവും സജീവമായി പ്രയോജനപ്പെടുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിൻറെ

സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. വയോജന സംരക്ഷണം നിയമപരമായ അവകാശമാക്കുന്നതിന് സമഗ്ര നിയമനിർമാണം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തുടനീളം സർവേ നടത്തി മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രജിസ്ട്രി തയ്യാറാക്കും. വിദേശ രാജ്യങ്ങളിലെ മാതൃക സ്വീകരിച്ച് പ്രത്യേക 'കെയർ ഗിവർ' സേനയ്ക്ക് രൂപം നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**ശുചിത്വ കേരളം**

സംസ്ഥാനത്തെ സമ്പൂർണ ശുചിത്വത്തിലേക്ക് നയിക്കുന്നതിന് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന 'നിർമലം' - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന് നാളെ തുടക്കം. ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നാളെ എറണാകുളത്ത് നിർവഹിക്കും. 2031 മാർച്ച് 30 ഓടെ കേരളത്തെ സമ്പൂർണ മാലിന്യ വിമുക്ത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

**ഗാന്ധിജയന്തി**

ഗാന്ധിജയന്തിയോടനുബന്ധിച്ച് രാജ്യമെമ്പാടും നാളെ വിപുലമായ ആഘോഷ പരിപാടികൾ. ഗാന്ധിജയന്തി

ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തിരുവനന്തപുരം കിഴക്കേകോട്ട ഗാന്ധിപാർക്കിൽ മന്ത്രി കെ. മുരളീധരൻ നിർവഹിക്കും. ഗതാഗത മന്ത്രി സി.പി. ജോൺ, മേയർ വി.വി. രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

ഗാന്ധി പ്രതിമയിൽ ഹാരാർപ്പണം, ഭിന്നശേഷി കുട്ടികളുടെ ചിത്രരചനാ മത്സരം എന്നിവ ഇതിൻറെ ഭാഗമായി നടക്കും. നിയമസഭാ സമുച്ചയത്തിലെ ഗാന്ധി പ്രതിമയിൽ നാളെ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**ഭക്ഷ്യ സബ്സിഡി തുക- കേന്ദ്രം**

സംസ്ഥാനത്തിന് ഭക്ഷ്യ സബ്സിഡി തുകയിനത്തിൽ 117.29 കോടി രൂപ അനുവദിച്ച് കേന്ദ്ര സർക്കാർ. സാങ്കേതിക പിഴവു മൂലം കഴിഞ്ഞ നാലുവർഷമായി തടഞ്ഞുവച്ചിരുന്ന തുകയാണ് ഭക്ഷ്യമന്ത്രി അനൂപ് ജേക്കബിൻറെ നിർദ്ദേശ പ്രകാരം സപ്ലൈകോ പുതിയ റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് അനുവദിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**പത്തനംതിട്ട (ഇൻട്രോ)**

ശബരിമല തീർഥാടനകാലം പരിഗണിച്ച് പത്തനംതിട്ട ജില്ലയിലെ വിവിധ റോഡുകളിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടപ്പാക്കാൻ 4.25 കോടി രൂപയുടെ ഭരണാനുമതി . കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽനിന്നാണ് തുക അനുവദിച്ചിരിക്കുന്നത്.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്. (ഹോൾഡ് വോയ്സ്.........)

**രക്തദാനം : മന്ത്രി കെ. മുരളീധരൻ**

അടിയന്തര ഘട്ടങ്ങളിൽ ആശുപത്രികളിൽ ആവശ്യത്തിന് രക്തം ലഭ്യമല്ലെന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ രക്തദാനം കൂടുതലായി പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി കെ. മുരളീധരൻ. രക്തദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റി കൂടുതൽ പേരെ സന്നദ്ധ രക്തദാനത്തിലേക്ക് കൊണ്ടുവരാൻ ശക്തമായ പ്രചാരണം നടത്തണമെന്നും മന്ത്രി പറഞ്ഞു. ദേശീയ സന്നദ്ധ രക്തദാന ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

**ബാങ്കുകൾക്ക് അവധി**

പൊതുമേഖലാ ബാങ്കുകൾക്ക് എല്ലാ ശനിയാഴ്ചകളും പൊതു അവധിയായി പ്രഖ്യാപിച്ചെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ധനമന്ത്രാലയം അത്തരമൊരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധനാ വിഭാഗം വ്യക്തമാക്കി.

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസ് പുരുഷന്മാരുടെ 90 കിലോഗ്രാം ഗുസ്തിയിൽ ഇന്ത്യയുടെ നിതേഷ് സിവാചിന് വെള്ളി.

സെയിലിങ്ങ് പുരുഷന്മാരുടെ സ്കിഫ് ഇനത്തിൽ മലയാളി താരങ്ങളായി മനു ഫ്രാൻസിസ് - പ്രിൻസ് നോബിൾ സഖ്യവും ഇന്ന് വെള്ളി നേടി . സ്ക്വാഷിൽ ഇന്ത്യൻ വനിതാ ടീമും, പുരുഷ ടീമും ഇന്ന് വെങ്കലം സ്വന്തമാക്കി. അമ്പെയ്ത്ത് പുരുഷന്മാരുടെ വ്യക്തിഗത കോമ്പൗണ്ട് ഇനത്തിൽ ഗണേഷ് മണിരത്നവും വെങ്കലം നേടി. ഏഷ്യൻ ഗെയിംസ് ഹോക്കിയിൽ പാകിസ്ഥാനെ 4-3 ന് പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ കടന്നു. പുരുഷ ക്രിക്കറ്റിലും ശ്രീലങ്കയെ 124 റൺസിന് പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. ശനിയാഴ്ച നടക്കുന്ന ഫൈനലിൽ പാകിസ്ഥാനാണ് ഇന്ത്യയുടെ എതിരാളികൾ. 10

സ്വർണ്ണവും 22 വെള്ളിയും 32 വെങ്കലവും ഉൾപ്പെടെ ആകെ 64-മെഡലുമായി നിലവിൽ എട്ടാം സ്ഥാനത്താണ് ഇന്ത്യ .

❁❁❁❁❁❁❁❁❁❁❁❁❁

## സേവ സങ്കൽപ് ആയുഷ്മാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. നരേന്ദ്ര മോദി സർക്കാർ നടപ്പിലാക്കിയ ' ആയുഷ്മാൻ ഭാരത്' പദ്ധതിയെ ക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. രാജ്യത്തെ ആരോഗ്യ സേവന രംഗം ശക്തിപ്പെടുത്തുന്നതിനായി 2018 ലാണ് ആയുഷ്മാൻ ഭാരത്- പിഎം ജൻ ആരോഗ്യ യോജനയ്ക്ക് കേന്ദ്രസർക്കാർ തുടക്കം കുറിച്ചത്. പദ്ധതിയുടെ ഗുണഭോക്താക്കളായ ഓരോ കുടുംബത്തിനും അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ അനുകൂല്യം നൽകി വരുന്നു. 2026 ജൂണിലെ കണക്കുകൾ പ്രകാരം 12.69 കോടി ആളുകൾക്കാണ് ഇതിലൂടെ 1.92 ലക്ഷം കോടി രൂപയുടെ ചികിത്സകൾ നൽകിയിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## സ്വച്ഛത ഹി സേവ

സ്വച്ഛത ഹി സേവ ക്യാമ്പയിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഇന്ന് നടന്ന ശുചീകരണ

യജ്ഞത്തിന് നിലയം മേധാവി എ ജി ബൈജു, വാർത്താ വിഭാഗം മേധാവി ലമി ജി നായർ എന്നിവർ നേതൃത്വം നൽകി. ആകാശവാണിയിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവർ പരിപാടിയിൽ പങ്കെടുത്തു.

**Editor: ANILA B. ,   Source:** ആർഎൻയു, **CNRT: ANILA B ,   Reader: GOPAKUMAR V. ,   DEO: LAILA V.**

**TIME:**18:30   **DATE:**2026-10-01

## ഗാന്ധി ക്വിസ്

സ്വച്ഛത ഹി സേവ ക്യാമ്പയിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഇന്ന് റിക്രിയേഷൻ ക്ളബ്ബിന്റെ അഭിമുഖ്യത്തിൽ ഗാന്ധി ക്വിസ് സംഘടിപ്പിച്ചു. സെവിൽ ജിഹാൻ, ഹരിഷ്ണ എം.യു, ഷർജിത ജെഎ എന്നിവർ ആദ്യ മൂന്ന് സ്ഥാനങ്ങൾ സ്വന്തമാക്കി.

## സ്വകാര്യ ആശുപത്രി

സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാച്ചെലവിന് നിയന്ത്രണമേർപ്പെടുത്താൻ സംസ്ഥാന സർക്കാർ നിയമനിർമാണത്തിന് ഒരുങ്ങുന്നു. നിയമസഭയിൽ അവതരിപ്പിക്കേണ്ട ബില്ലിന്റെ കരട് തയ്യാറാക്കുന്നതിനായി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

അദ്ധ്യക്ഷതയിൽ നാലംഗ സമിതി രൂപീകരിക്കുമെന്ന് മന്ത്രി കെ.മുരളീധരൻ വ്യക്തമാക്കി

❁❁❁❁❁❁❁❁❁❁❁❁❁

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ ആറളത്ത് തമ്പടിച്ച മോഴയാനയെ മയക്കു വെടിവെച്ചു.

മേഖലയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ തുടർ നടപടികൾ അടുത്ത ദിവസത്തേക്ക് മാറ്റിയേക്കും

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ . ശശിധരൻ .**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**കാലാവസ്ഥ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച ജില്ലകളിലും, സമീപ പ്രദേശങ്ങളിലും വെള്ളച്ചാട്ടങ്ങൾ, ജലാശയങ്ങൾ എന്നിവയിൽ വിനോദ

സഞ്ചാരികൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകി. മഴ മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ മൂഴിയാർ-ഗവി റോഡിൽ പൊതുഗതാഗതം നിരോധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ ഉത്തരവിട്ടു.

❋❋❋❋❋❋❋❋❋❋❋❋❋

**ഷട്ടറുകൾ ഉയർത്തും**

മഴയെ തുടർന്ന് നീരൊഴുക്ക് വർധിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരം അരുവിക്കര അണക്കെട്ടിൻറെ മൂന്ന് ഷട്ടറുകൾ ഇന്ന് 10 സെ.മീ വീതം ഉയർത്തി. അണക്കെട്ടിൻറെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരും നദിയുടെ ഇരുകരകളിലും താമസിക്കുന്നവരും ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**ഇടുക്കി-വ്യാജ പ്രചാരണം**

ഇടുക്കി ജില്ലയിൽ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് വേണ്ടി ജില്ലാ ദുരന്തനിവാരണ അതോറിറ്റി സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമൂഹമാധ്യമം വഴി നടക്കുന്ന ചില പ്രചാരണങ്ങൾ വസ്തുതാ വിരുദ്ധമാണെന്നെന്ന് ജില്ലാ കളക്ടർ . ജില്ലയിൽ രാത്രി യാത്രാ നിരോധനമില്ലെന്നും, പൊതുഗതാഗതത്തിന്

തടസ്സമാകുന്ന യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ലെന്നും കളക്ടർ വ്യക്തമാക്കി. വനംമേഖലയോട് ചേർന്നുള്ള തോട്ടങ്ങൾക്കുള്ളിൽ വൈകിട്ട് ആറ് മുതൽ രാവിലെ ആറ് മണി വരെ പൊതുജനങ്ങൾ പ്രവേശിക്കാതിരിക്കുന്നതിനായി പ്ലാൻറേഷൻ ഇൻസ്പെക്ടർമാർക്ക് നൽകിയ കത്തിനെയാണ് രാത്രി യാത്രാ നിരോധനം എന്ന നിലയിൽ ചിലർ തെറ്റായി വ്യാഖ്യാനിക്കുന്നതായും ജില്ലാ കളക്ടർ അറിയിച്ചു.